# ഒരു മുഖവുര

## (2 തിമൊഥെയൊസ്)

സുവിശേഷത്തിൽ തന്റെ മകനായ തിമൊഥെയൊസിനോടു ഒരു പഴയ പടയാളിക്കുള്ള വൈകാരികതയാണ് 2 തിമൊഥെയൊസിന്റെ പഠനത്തിൽ നാം കാണുന്നത്. ഇതിലെ ചില കാര്യങ്ങൾ എന്റെ യുവത്വ കാലത്തെ ഓർമ്മിപ്പിക്കുന്നതാണ്, മിലിട്ടറിയിൽ നിന്നു പിരിയുന്ന സമയത്തു ഒരു പഴയ പടയാളിയിൽ നിന്നു കേട്ടതും മനസ്സിലാക്കിയതുമായ കാര്യങ്ങൾ ഉണ്ട്.

ജെനറൽ ഡഗ്ളസ് മാക് ആർദറുടെ 1951, ഏപ്രിൽ 19-നു, കോൺഗ്രസിൽ നടത്തിയ വിടവാങ്ങൽ പ്രസംഗത്തിന്റെ ചുരുക്കം ഇതാ:

> നൂറ്റാണ്ട് മാറുന്നതിനു മുൻപു, ഞാൻ പട്ടാളത്തിൽ ചേർന്നപ്പോൾ, അതു എന്റെ ബാല്യത്തിലെ സ്വപ്നവും പ്രത്യാശയും ആയിരുന്നു. വെസ്റ്റ് പോയിന്റിൽ ഞാൻ പ്രതിജ്ഞ എടുത്തശേഷം, ലോകം പല തവണ മറിയുകയുണ്ടായി, എന്റെ സ്വപ്നങ്ങളും പ്രത്യാശകളും അപ്രത്യക്ഷമായി എന്നാൽ ഒരു ദിവസം ബാരക്കിന്റെ വീരഗാഥ ഇപ്പോഴും ഞാൻ ഓർക്കുന്നു, അതു അല്പം അഭിമാനത്തോടെ പറയുന്നു പഴയ പടയാളികൾ ഒരിക്കലും മരിക്കുകയില്ല; അവർ വാടി പോകുക മാത്രമാണ്. പിന്നെ, ആ വീരഗാഥയിലെ പഴയ പടയാളിയെ പോലെ, ഞാൻ എന്റെ പട്ടാള ജോലി അവസാനിപ്പിച്ചു, വാടി പോകുമ്പോൾ തന്നിൽ ദൈവം നല്കിയ പ്രകാശത്തിന്റെ ജോലി നിർവ്വഹിച്ചുകൊണ്ടാണ് പോകുന്നത്. ഗുഡ്-ബൈ.[1]

സുവിശേഷത്തിൽ തന്റെ പുത്രനായ തിമൊഥെയൊസിനു എഴുതിയ ലേഖനത്തിൽ, പൗലൊസ് നല്കുന്ന പ്രസ്താവനകൾ പ്രയോഗിച്ചാൽ അതെത്ര മനോഹരമായിരിക്കും (1:2; 1 തിമൊഥെയൊസ് 1:2). തിമൊഥെയൊസിനും നമുക്കും നല്കുന്നത് തന്റെ വിടവാങ്ങൽ സംബോധന ആണെന്നു പൗലൊസ് അറിഞ്ഞിരുന്നോ എന്നറിയില്ല, എന്നാലും, ക്രിസ്തുവിന്റെ ആ പഴയ പടയാളി, ഒരിക്കലും മരിച്ചിട്ടില്ല - അവൻ മങ്ങിപോയി എന്നുമാത്രം!

പൗലൊസിനോടുകൂടെ ഇരുന്നു വിശദമായി അവന്റെ മിഷ്ണറി യാത്രകൾ അല്ലെങ്കിൽ റോമിലെ അവന്റെ അവസാന നാളുകളെ കുറിച്ച് കേൾക്കുവാൻ കഴിയുകയില്ലെങ്കിൽ, നൂറ്റാണ്ടുകളിലൂടെ അവൻ ജീവിച്ചിരുന്നു. അവൻ നമ്മുടെ മനോഭാവങ്ങളെ ഉണർത്തി, മനസ്സുകളെ രൂപപ്പെടുത്തുകയും, അവനു ദൈവം - നല്കിയ വഴികളും അവന്റെ

ക്രിസ്തീയ സേവനമനസ്സും നമ്മുടെ മനസ്സുകളെ രൂപപ്പെടുത്തുക തന്നെ ചെയ്യും!

ജെനറൽ മാക്ക് ആർദറുടെ വിടവാങ്ങൽ പ്രസംഗം ഞാൻ ശ്രദ്ധിച്ചപ്പോൾ, എന്റെ തൊണ്ട ഇടറിയതും എന്റെ കണ്ണിൽ നിന്നു കണ്ണുനീർ വീണതും ഞാൻ എന്റെ രാജ്യത്തെ സ്നേഹിച്ചതുപോലെ അയാളും സ്നേഹിച്ചു രാജ്യത്തെ സേവിച്ചതിന്റെ സ്മരണ എന്നിലുണർത്തി. 2 തിമൊഥെയൊസിന്റെ ലേഖനം ശ്രദ്ധിച്ചു വികാരപരമായി സുബോധത്തോടെ വായിച്ചാൽ ആദ്യം എഴുതിയപ്പോൾ പൗലൊസിന്റേയും തിമൊഥെയൊസിന്റേയും കണ്ണുനീർ താളുകളിൽ വീഴുന്നതായി നമുക്കു കാണാം.

പൗലൊസിന്റെ ഹൃദയം, അവന്റെ പ്രത്യാശ, അവന്റെ ഓർമ്മ, സന്ദേശം, എന്നിവ ഈ ലേഖനത്തിലുള്ളതു ആത്മാവിനെ ഉണർത്തുന്നതാണ്.

## പൗലൊസിന്റെ ഹൃദയം

ക്രിസ്തുവിലുള്ള ഒരു പഴയ പടയാളി തടവിൽ മരണത്തോടടുത്തിരിക്കുമ്പോൾ എഴുതിയ ചില പദ പ്രയോഗങ്ങളെ ധ്യാനിക്കുക:

> ക്രിസ്തുയേശുവിന്റെ അപ്പൊസ്തലനായ പൗലൊസ്, എന്ന ഞാൻ ദൈവേഷ്ടത്താൽ എന്റെ പ്രിയമകനായ,... തിമൊഥെയൊസിനു, എഴുതുന്നത്: ...
>
> ... എന്റെ പ്രാർത്ഥനയിൽ രാവും പകലും ഇടവിടാതെ നിന്നെ സ്തുതിച്ചു, നിന്റെ കണ്ണുനീർ ഓർത്തും, നിന്നെ കണ്ടു സന്തോഷപൂർണ്ണനാകുവാൻ വാഞ്ഛിച്ചുകൊണ്ടു, ... നിന്റെ നിർവ്യാജ വിശ്വാസത്തിന്റെ ഓർമ്മ നിമിത്തം സ്തോത്രം ചെയ്യുന്നു, ... അതുകൊണ്ടു കൈവെപ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കേണം എന്നു നിന്നെ ഓർമ്മപ്പെടുത്തുന്നു (1:1-6).

> അതുകൊണ്ട് അവന്റെ ബദ്ധനായ ... എന്നെ കുറിച്ചു ലജ്ജിക്കരുത്; ... (1:8).

> ആസ്യക്കാർ എല്ലാവരും എന്നെ വിട്ടുപോയി എന്നു നീ അറിയുന്നുവല്ലൊ, ... (1:15).

> അതുകൊണ്ട്, മകനേ, ... ക്രിസ്തുയേശുവിന്റെ നല്ല ഭടനായി നീയും, എന്നോടുകൂടെ കഷ്ടം സഹിക്ക (2:1-3).

> ... നിന്റെ ശുശ്രൂഷ നിറപടിയായി നിവർത്തിക്ക. ഞാനോ ഇപ്പോൾ തന്നേ പാനിയ യാഗമായി ഒഴിക്കപ്പെടുന്നു, എന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു (4:5, 6).

വേഗത്തിൽ എന്റെ അടുക്കൽ വരുവാൻ ഉത്സാഹിക്ക; ... (4:9).

എന്റെ ഒന്നാം പ്രതിവാദത്തിൽ ആരും എനിക്കു തുണ നിന്നില്ല, എല്ലാവരും എന്നെ കൈവിട്ടു; ... (4:16).

ശീത കാലത്തിനു മുമ്പെ വരുവാൻ ശ്രമിക്ക ... (4:21).

പൗലൊസിന്റെ ഹൃദയം തുടിക്കുകയും, കണ്ണിൽ നിന്നു കണ്ണുനീർ വീഴുകയും ചെയ്തിരിക്കും. ഇരുപതു നൂറ്റാണ്ടുകൾക്കുശേഷം തുല്യ ഹൃദയമുള്ളവർ തിമൊഥെയൊസ് ശീതകാലത്തിനു മുമ്പെ അവിടെ എത്തി എന്ന പ്രത്യാശ ഉള്ളവരാകും!

ഇതു തികച്ചും വ്യക്തിപരമായ ഒരു ലേഖനമാണ്! തന്റെ തന്നെ പേർ പൗലൊസ് ഒരിക്കൽ ഉപയോഗിച്ചു (1:1) കൂടാതെ "ഞാൻ" എന്നു ഇരുപത്തി എട്ടു പ്രാവശ്യം പറഞ്ഞു. "എനിക്ക്" എന്നു ഇരുപത്തി - ആറ് പ്രാവശ്യവും, "എന്റെ" എന്നു പതിനൊന്നു പ്രാവശ്യവും - അങ്ങനെ മൊത്തം അറുപത്തി - ആറു പ്രാവശ്യവും നാല് അദ്ധ്യായങ്ങളുള്ള (എൺപത്തി - മൂന്നു വാക്യങ്ങൾ) അതിൽ തന്നെ കുറിച്ചു സൂചിപ്പിച്ചിരിക്കുന്നു.

*തിമൊഥെയൊസിനെ* പ്രത്യേകിച്ചു, ഒരിക്കൽ പേർ എടുത്തു പറയുകയും (1:2) കൂടാതെ "എന്റെ പ്രിയമകൻ" (1:2) എന്നും "എന്റെ മകൻ" എന്നും വിളിച്ചിട്ടുണ്ട് (2:1). പൗലൊസ് തിമൊഥെയൊസിനെ "നീ" എന്നു ഇരുപത്തി - അഞ്ചു പ്രാവശ്യവും "നിങ്ങളെ തന്നെ," എന്നു രണ്ടുപ്രാവശ്യവും "നിന്നെ" എന്നതു അഞ്ചു പ്രാവശ്യവും സൂചിപ്പിച്ചു. ഏതാണ്ടു മുപ്പതു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നതിൽ, "നീ" എന്നതു അന്തർലീനമായും പ്രസ്താവനകളിലുണ്ട്. "നാം" എന്നതു ആറു പ്രാവശ്യവും, "നമുക്ക്" എന്നു ആറു പ്രാവശ്യവും, "നമ്മുടെ" എന്നു അഞ്ചു പ്രാവശ്യവും ആയി - മൊത്തം എൺപതിലധികം സൂചനകൾ തിമൊഥെയൊസിനെ പറ്റി ഈ നാലു അദ്ധ്യായങ്ങളിൽ നല്കുന്നുണ്ട്!

വാക്കുകൾ എണ്ണിത്തിട്ടപ്പെടുത്തുക എന്നതു വിഷമകരവും സാങ്കേതികമായി വിഷമകരവുമാണ്, എന്നാൽ അവ പൗലൊസ് തന്റെ "ക്രിസ്തുവിൻ പ്രിയ മകനോടു" ഏറ്റവും അടുത്ത ബന്ധത്തിൽ ആശയവിനിമയം നടത്തുന്ന ശക്തമായ പ്രഖ്യാപനങ്ങളാണ്.

### പൗലൊസിന്റെ പ്രത്യാശ

ഈ ലേഖനത്തിൽ ഉടനീളം പൗലൊസിന്റെ വ്യക്തിപരമായ ഉദ്ദേശവും വിചാരവും കോർത്തിണക്കുന്നതാണ്, ഉദാഹരണമായി "ബദ്ധൻ" (1:8), "തടവ്" (2:9), "ചങ്ങല" (1:16). ആ സമയം അവന്റെ കഷ്ടതയുടെ സാഹചര്യമായിട്ടാണ് അവൻ തിരിച്ചറിയുന്നത് (1:12; 2:9, 12; 3:11, 12; 4:5). അതു ലജ്ജിക്കേണ്ട സമയം ആയിരുന്നില്ല (1:8, 12, 16; 2:15), പക്ഷെ "സഹിഷ്ണുതയുടേതായിരുന്നു," കാരണം കർത്താവു അവനെ വിടുവിക്കും (3:11; 4:17, 18). അതു ക്രിസ്ത്യാനികൾ അന്യോന്യം ഉത്സാഹത്തോടെ പ്രതികരിക്കേണ്ട സമയം ആയിരുന്നു (1:17; 4:9, 21). ഇതു താഴെ

കൊടുത്തിരിക്കുന്ന ബാഹ്യരൂപരേഖയിൽ ചുരുക്കി എടുത്തു മുഖ്യ വാക്കുകളായി കാണിക്കുന്നുണ്ട്: പരീക്ഷണങ്ങളുടെ മദ്ധ്യേയും തിമൊഥെയൊസ് *ഉറച്ചു നില്ക്കുവാനായിരുന്നു* പൗലൊസ് അപേക്ഷിച്ചത് (അദ്ധ്യായം 1), കാരണം തിമൊഥെയൊസ് *നല്ല ഭടനായി* (അദ്ധ്യായം 2), *തന്നെ സൂക്ഷിക്കയും* (അദ്ധ്യായം 3), പൗലൊസ് ചെയ്തതുപോലെ, പൗലൊസിന്റെ കല്പന കേട്ടു തിമൊഥെയൊസ് *തന്റെ ഓട്ടം തികക്കേണ്ടിയിരുന്നു* (അദ്ധ്യായം 4).

### പൗലൊസിന്റെ ഓർമ്മകൾ

ചില രീതിയിൽ നോക്കിയാൽ പൗലൊസ് ഒരു കാൽ ഭൂതകാലത്തിലും മറ്റൊന്നു ഭാവിയിലേക്കും ചുവടുവെക്കുന്നതായി തോന്നുന്നു. അവൻ തന്നെ ഒരു പഴയ ഭടനായി കാണുന്നതുകൊണ്ടു ജീവിതത്തെ ഒരവസ്ഥയിൽ നിന്നു മറ്റൊരവസ്ഥയിലേക്കു മാറ്റുന്നു, അതു കൂടുതൽ തേജസ്സുള്ളതാണ്.

പൗലൊസ് (തിമൊഥെയൊസ് ഓർക്കണമെന്നു ആഗ്രഹിച്ചു) തിമൊഥെയൊസിന്റെ പൂർവ്വ പിതാക്കളെ ഓർമ്മിപ്പിക്കുകയും (1:3), തിമൊഥെയൊസിന്റെ അമ്മയെയും വല്ല്യമ്മയെയും (1:5; 3:14, 15), അവനു "ദൈവത്തിന്റെ വരങ്ങൾ" ലഭിക്കേണ്ടതിനു പൗലൊസ് അവന്റെ മേൽ കൈവെച്ചപ്പോൾ (1:6), അവനെ പരാജയപ്പെടുത്തിയവർ (1:15; 2:17, 18; 4:10, 14–16), അവനെ ഉന്മേഷവാനാക്കുകയും വിടുവിക്കുകയും ചെയ്തവർ (1:16–18; 4:11, 17, 18) എന്നിവരെയും ഓർക്കുവാൻ പറയുന്നു. പൗലൊസ് മുമ്പിലുള്ളതും നോക്കി കാണിക്കുന്നു. അവൻ "ജീവനും അക്ഷയതയും" നോക്കി കാണുന്നു (1:10), ക്രിസ്തുവിൽ ലഭിക്കുന്ന രക്ഷ (2:10) യും, നീതിയുടെ കിരീടം (4:8) കർത്താവു "തന്റെ സ്വർഗ്ഗീയ രാജ്യത്തിലേക്കു" പ്രവേശിപ്പിക്കുന്നതും അവൻ കണ്ടിരുന്നു (4:18).

### പൗലൊസിന്റെ സന്ദേശം

തിമൊഥെയൊസ് ഒരിക്കലും കാണാതിരിക്കരുത് എന്നു കരുതി ഈ ലേഖനത്തിൽ പൗലൊസ് സ്വർണ്ണ നൂൽ കോർത്തിരിക്കുകയാണ് – അതായത് അവന്റെ ജീവിതത്തിൽ ദൈവ വചനത്തിനുള്ള സ്ഥാനം. സ്വർഗ്ഗത്തിൽ നിന്നുള്ള ആ മഹത്തായ വെളിപ്പാടിനു ഇരുപതു വാക്യങ്ങൾ നല്കി, പതിനഞ്ചു വിവിധ പ്രയോഗങ്ങളും നല്കി തിരിച്ചറിയിക്കുന്നു: "ദൈവേഷ്ടം" (1:1); "നമ്മുടെ കർത്താവിന്റെ സാക്ഷ്യം" (1:8); "സുവിശേഷം" (1:8, 10); "പത്ഥ്യവചനത്തിന്റെ നിലവാരം" (1:13); "ഉപനിധി" (1:14); "എന്റെ സുവിശേഷം" (2:8); "ദൈവവചനം" (2:9); "സത്യവചനം" (2:15); "സത്യം" (2:18, 25; 3:7, 8; 4:4); "വിശ്വാസം" (3:8); "വിശുദ്ധലിഖിതങ്ങൾ" (3:15); "ദൈവശ്വാസിയ തിരുവെഴുത്തുകൾ" (3:16); "വചനം" (4:2); "പത്ഥ്യവചനം" (4:3); "പ്രസംഗം" (4:17).

ദൈവത്തെ ശരിയായി ശുശ്രൂഷിക്കുന്ന ഒരു സുവിശേഷകൻ *പുസ്തകത്തോടു പറ്റിച്ചേർന്നിരിക്കും*! ഇതു പ്രകാശിപ്പിക്കുക മാത്രമല്ല പൗലൊസ് സുവർണ്ണ നൂൽ കൊണ്ട് കെട്ടിയിരിക്കുന്ന ചിന്ത, പൗലൊസിൽ നിന്നും സത്യത്തിൽ നിന്നും അകന്നുപോയവർക്കും പ്രയോജന

പ്പെടുന്ന വിധത്തിലാണ് കാര്യങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്.

1. ഫുഗലോസും ഹെർമ്മോഗെനെസും (കൂടാതെ ആസ്യയിലുള്ള എല്ലാവരും) പൗലൊസിനെ വിട്ടു പോയിരുന്നു (1:15).

2. ഫിലേത്തൊസും ഹുമനയൊസും, തങ്ങളുടെ വാക്കുകൾ "ഗാൻജെറീൻ പോലെ വ്യാപിച്ചു" (കാൻസർ; എൻകെജെവി), അകന്നു പോയി (തെറ്റിപോയി) സത്യത്തിൽ നിന്നു തെറ്റിപോയി (2:17, 18; 1 തിമൊഥെയൊസ് 1:20), ചിലരുടെ വിശ്വാസത്തെ അവർ മറിച്ചുകളയുകയും ചെയ്തു.

3. ചിലർ "പ്രതിപക്ഷത്ത്" ആയിരിക്കയാൽ അവരെ തിരുത്തേണ്ടതു ആവശ്യമായിരുന്നു. പിശാചു അവരെ പിടിച്ചു കുടുക്കിൽ അകപ്പെടുത്തി "അവന്റെ ഇഷ്ടം ചെയ്യുവാൻ അടിമത്വത്തിലാക്കി" (2:25, 26).

4. പലവിധമായ ആക്രമണങ്ങളാൽ "ബുദ്ധിമുട്ടുള്ള സമയം" ഉണ്ടായിരുന്നു. "എത്ര പഠിച്ചിട്ടും സത്യത്തിന്റെ പരിജ്ഞാനത്തിലെത്താത്ത ആളുകൾ ഉണ്ടായിരുന്നു," എന്നാൽ അവർ "സത്യത്തോടു എതിർത്തു നിന്നിരുന്നു" (3:1–8).

5. പൗലൊസ് പറഞ്ഞു, "ദുഷ്ട മനുഷ്യരും മായാവികളും വഞ്ചിച്ചും, വഞ്ചിക്കപ്പെട്ടും കൊണ്ടു മേൽക്കുമേൽ ദോഷത്തിൽ മുതിർന്നു വരും" (3:13).

6. ചിലർ "പത്ഥ്യോപദേശം," പൊറുക്കാതെ സ്വന്ത മോഹങ്ങൾക്കനുസരിച്ചു ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും "സത്യത്തിനു ചെവി കൊടുക്കാതിരിക്കയും ചെയ്യും" (4:3, 4).

7. ദേമാസ് പൗലൊസിനെ വിട്ടുപോയി, "ഇപ്പോഴുള്ള ലോകത്തെ സ്നേഹിച്ചുകൊണ്ടാണ്" (4:10).

8. ചെമ്പു പണിക്കാരനായ അലെക്സന്തർ പൗലൊസിനു വളരെ ദോഷം ചെയ്തുകൊണ്ട് "*നമ്മുടെ പ്രസംഗത്തോടു* അത്യന്തം എതിർത്തു നിന്നു," അതുകൊണ്ട് തിമൊഥെയൊസ് "സൂക്ഷിക്കണം" (4:14, 15).

9. പൗലൊസ് പരീക്ഷണത്തിലായപ്പോൾ "എല്ലാവരും അവനെ വിട്ടു പോയി" എന്നു പറഞ്ഞിരിക്കുന്നു (4:16).

അനവധി എതിർപ്പുള്ള, ദുഷ്ടതയുള്ള, അന്യായമുള്ള ജനം പൗലൊസിനു ചുറ്റും നിന്ന സാഹചര്യത്തിൽ (വരുവാനുള്ള ദിവസങ്ങളിൽ അതു കൂടുതൽ മോശമാകുവാനിരിക്കുന്നു), പൗലൊസ് തിമൊഥെയൊസിനോടു "പത്ഥ്യവചന പ്രകാരമുള്ള നിലവാരം കാത്തുകൊള്ളുവാനും" അവനിൽ "ഏല്പിച്ച" "ഉപനിധി" സൂക്ഷിക്കുവാനും പറഞ്ഞതിൽ അതിശയിക്കുവാനില്ല (1:13, 14).

### പൗലൊസിന്റെ വികാരപരമായ വിടവാങ്ങൽ

ക്രൂശിന്റെ ശക്തനായ പഴയ പടയാളിയുടെ ശ്വാസിയമായ വാക്കുകൾ ചുറ്റും വികാരപരമായി അവസാനിപ്പിക്കുന്നു. മായാവികളും വഞ്ചകന്മാരും വഞ്ചിച്ചുകൊണ്ടിരിക്കുന്ന "ഈ അന്ത്യകാലത്തും" നമുക്കു വേണ്ടി സൂക്ഷിച്ചിരിക്കയാണ് ദൈവം - നല്കിയതായ ആ വാക്കുകൾ (3:1, 13). നമുക്കു അതിലെ ഓരോ അപേക്ഷകളും, ഓരോ വെല്ലുവിളികളും, തന്നിരിക്കുന്ന ഓരോ മുന്നറിയിപ്പും *ശ്രദ്ധിച്ചു വായിക്കുവാനും,*

*അതിൽ ശ്രദ്ധയോടെ ലയിക്കുവാനും* പ്രേരണ നല്കുന്നതാണ് ആ വാക്കുകൾ. മരണത്തോടടുത്ത സമയത്തു പൗലൊസിനുണ്ടായ ആത്മ വിശ്വാസം നമുക്കും ഉണ്ടാകണം, സകല ദുഷ്ടതയിൽ നിന്നും അവനെ വിടുവിച്ചവൻ നമ്മെയും രക്ഷിച്ചു "അവന്റെ സ്വർഗ്ഗീയ രാജ്യത്തിലേക്കു പ്രവേശിപ്പിക്കും; അവനു എന്നേക്കും മഹത്വം ഉണ്ടാകുമാറാകട്ടെ. ആമേൻ" (4:17, 18). ആ വാക്കുകളുടെ രീതി ആ ലേഖനം പഠിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു.

1 തിമൊഥെയൊസിൽ പൗലൊസ് പറഞ്ഞ ആളുകളെയും സ്ഥല ങ്ങളെയും നാം കണ്ടു. തിമൊഥെയൊസിനു എഴുതിയ രണ്ടാം ലേഖനം നാം പഠിക്കുന്നതിനു മുൻപു, ഈ പഠനത്തിൽ നാം കണ്ടുമുട്ടുന്ന ചില പേരുകൾ നമുക്കു പരിശോധിക്കാം.

## 2 തിമൊഥെയൊസിലെ ആളുകൾ

### ചെമ്പു പണിക്കാരനായ അലെക്സന്തർ

*"ചെമ്പു പണിക്കാരനായ അലെക്സന്തർ എനിക്കു വളരെ ദോഷം ചെയ്തു; അവന്റെ പ്രവർത്തികൾക്കു തക്കവണ്ണം കർത്താവു അവന്നു പകരം ചെയ്യും" (4:14).*

ആ മനുഷ്യൻ പൗലൊസിനു വളരെ ദോഷം ചെയ്തു എന്നു പറ ഞ്ഞിരിക്കുന്നു. (ഒരുപക്ഷെ അവൻ പൗലൊസിനെ അധികാരികൾക്കു ഒറ്റിക്കൊടുത്തിരിക്കാം, അങ്ങനെ അവസാനം അവൻ തടവിലായിരി ക്കാം.) 1 തിമൊഥെയൊസ് 1:20-ൽ പറഞ്ഞ അതേ വ്യക്തി ആയിരിക്കാം അവൻ, പക്ഷെ അവന്റെ ജോലി പറഞ്ഞിരിക്കകൊണ്ട് മറ്റെ അലെക്സ ന്തരിൽ നിന്നു ഇവനെ മാറ്റി നിർത്തുന്നു. അവനെ സൂക്ഷിക്കുവാൻ പൗലൊസ് തിമൊഥെയൊസിനോടു പറഞ്ഞിരിക്കുന്നു.

### അക്വില്ലയും പ്രിസ്കയും (അല്ലെങ്കിൽ പ്രിസ്കില്ല)

*"പ്രിസ്കെക്കും അക്വിലാവിനും വന്ദനം ചൊല്ലുക, ..." (4:19).*

പൊന്തിയൊസിൽ നിന്നു ഈ സ്നേഹിതർക്കു തിമൊഥെയൊസിന്റെ വന്ദനം പൗലൊസ് അറിയിക്കുന്നുണ്ട്. കൊരിന്തിൽവെച്ചു പൗലൊസ് അക്വിലാവും അയാളുടെ ഭാര്യ പ്രിസ്കില്ലയോടും കൂടെ (കൂടാരപ്പണി) ജോലി ചെയ്യുകയും, അവർ പൗലൊസിനോടുകൂടെ എഫെസൊസി ലേക്കു പോകുകയും ചെയ്തിരുന്നു. അവരെ മറ്റെല്ലാ യെഹൂദന്മാരോ ടൊപ്പം, റോമിൽ നിന്നു, ക്ലൗദ്യസിന്റെ കാലത്തു പുറത്താക്കിയിരുന്നു.

### കർപ്പൊസ്

*"ഞാൻ ത്രോവാസിൽ കർപ്പൊസിന്റെ പക്കൽ വെച്ചേച്ചു പോന്ന പുതപ്പും, പുസ്തകങ്ങളും, വിശേഷാൽ ചർമ്മലിഖിതങ്ങളും നീ വരു മ്പോൾ കൊണ്ടുവരിക" (4:13).*

പൗലൊസിനെ രണ്ടാമതു പിടിച്ചപ്പോൾ അവൻ റോമിലേക്കു പോയ പ്പോൾ ത്രോവാസിൽ വെച്ചു പൗലൊസിന്റെ ചില സാധനങ്ങൾ കർപൊ സിനെ ഏല്പിക്കയുണ്ടായി.

**ക്ലൗദിയ**

*"... യൂബൂലൊസും, പൂദെൻസും ലീനൊസും ക്ലൌദിയയും സഹോദരന്മാർ എല്ലാവരും നിനക്കു വന്ദനം ചൊല്ലുന്നു" (4:21).*

റോമിലുണ്ടായിരുന്ന ഈ ശിഷ്യയിൽ നിന്നാണ് പൗലൊസ് തിമൊഥെയൊസിനു വന്ദനം അറിയിക്കുന്നത്. ദൈവശ്വാസിയമല്ലാത്ത പാരമ്പര്യം പറയുന്നതു ക്ലൗദിയ ഒരു ബ്രിട്ടീഷ് കന്യകയും അവളുടെ അപ്പൻ, രാജാവായിരുന്ന കോഗിഡുബ്നസ്, തിബര്യാസ് ക്ലൗദോസിൽ എന്ന പേർ സ്വീകരിച്ചു എന്നുമാണ്. അതേ വാക്യത്തിൽ പറയുന്ന, പൂദെസ്, പിന്നീട് അവളുടെ ഭർത്താവായി തീർന്നിരിക്കാം.

**ക്രേസ്തേസ്**

*"... ക്രേസ്തേസ് ഗലാത്യയിലേക്കു പോയി, ..." (4:10).*

പൗലൊസിനെ തൂക്കി കൊല്ലുന്നതിനു മുൻപു തന്നെ പൗലൊസിന്റെ ഈ സഹപ്രവർത്തകൻ ഗലാത്യയിലേക്കു പോയി.

**ദാവീദ്**

*"ദാവീദിന്റെ സന്തതിയായി ജനിച്ചു, മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റ, യേശുക്രിസ്തുവിനെ ഓർത്തുകൊൾക, അതാകുന്നു എന്റെ സുവിശേഷം" (2:8).*

തലമുറകളായുള്ള യെഹൂദ പ്രവചനം ആയിരുന്ന മശിഹ യേശുക്രിസ്തുവിൽ നിറവേറിയതു, ഓർപ്പിക്കുന്നതായിരുന്നു ദാവീദ് രാജാവിനെ പറയുന്നത്.

**ദേമാസ്**

*"ദേമാസ്, ഈ ലോകത്തെ സ്നേഹിച്ചിട്ടു, എന്നെ വിട്ടു തെസലൊനിക്യയിലേക്കു പോയി; ..." (4:10).*

കൊലൊസ്യർ 4:14 ലും ഫിലേമോൻ 24 ലും ദേമാസ് പൗലൊസിന്റെ കൂട്ടുവേലക്കാരനായിരുന്നു എന്നു പറയുന്നുണ്ട്. എങ്ങനെയായാലും, "ഈ ലോകത്തെ സ്നേഹിച്ചതുകൊണ്ടു," അവന്റെ മരണശിക്ഷക്കായി കാത്തിരിക്കുമ്പോൾ, ദേമാസ് അപ്പൊസ്തലനെ റോമിൽ വിട്ടു തെസലൊനിക്യയിലേക്കു പോയി.

**എരസ്തോസ്**

*"എരസ്തോസ് കൊരിന്തിൽ താമസിച്ചു, ത്രോഫിമൊസിനെ ഞാൻ മിലേത്തിൽ രോഗിയായി വിട്ടേച്ചു പോയി" (4:20).*

പൗലൊസ് മരണശിക്ഷക്കായി റോമിൽ കാത്തിരുന്നപ്പോൾ പൗലൊസിന്റെ ഈ കൂട്ടു വേലക്കാരൻ കൊരിന്തിൽ ഉണ്ടായിരുന്നു. മുൻപു തിമൊഥെയൊസിനൊപ്പം തെസലൊനിക്യയിലേക്ക് എരസ്തോസിനെ അയക്കുന്നുണ്ട് (പ്രവൃത്തികൾ 19:22). പൗലൊസിന്റെ പരിവർത്തകനും കൊരിന്തിലെ ഖജാൻജിയുമായിരുന്ന, അതേ വ്യക്തിയായിരിക്കണം ഇയാൾ (റോമർ 16:23). കൊരിന്തിലെ ഒരു പുരാതന നടപ്പാതയായിരുന്ന "എരസ്തൊസ് നടപ്പാത" എന്നതിൽ നിന്നാകണം ആ പേർ ലഭിച്ചത്.

**യൂബുലൊസ്, പൂദെസ്, ലീനൊസ്**

*"ശീതകാലത്തിനു മുമ്പെ വരുവാൻ ശ്രമിക്ക. യുബൂലൊസും പൂദെസും, ലീനൊസും ക്ലൗദിയയും സഹോദരന്മാർ എല്ലാവരും നിനക്കു വന്ദനം ചൊല്ലുന്നു" (4:21).*

ആ റോമാ ശിഷ്യന്മാർ പൗലൊസ് മുഖാന്തരം തിമൊഥെയൊസിനെ വന്ദനം ചെയ്യുന്നു.

**യൂനീക്ക**

*"ആ വിശ്വാസം ആദ്യം നിന്റെ വലിയമ്മ ലോവീസിലും, അമ്മ യുനീക്കയിലും ഉണ്ടായിരുന്നു, നിന്നിലും ഉണ്ടെന്നു ഞാൻ ഉറെച്ചിരിക്കുന്നു, ..." (1:5).*

തിമൊഥെയൊസിന്റെ അമ്മ, യൂനീക്ക, ലുസ്ത്രയിലെ ഒരു യെഹൂദ സ്ത്രീ വിശ്വാസിയായി തീർന്നവൾ ആയിരുന്നു. (നോക്കുക പ്രവൃത്തികൾ 16:1.)

**ഹുമനയൊസും ഫിലേത്തൊസും**

*"അവരുടെ വാക്ക് അർബ്ബുദ വ്യാധി പോലെ തിന്നുകൊണ്ടിരിക്കും. ഹുമനയൊസും ഫിലേത്തൊസും അവരുടെ കൂട്ടത്തിൽ ഉള്ളവരാകുന്നു, അവർ സത്യം വിട്ടു തെറ്റി പുനരുത്ഥാനം കഴിഞ്ഞു എന്നു പറഞ്ഞു, ചിലരുടെ വിശ്വാസം മറിച്ചുകളയുന്നു" (2:17, 18).*

ആ ദുരുപദേഷ്ടാക്കന്മാരെ കുറ്റം വിധിച്ചിരിക്കുന്നു (നോക്കുക 1 തിമൊഥെയൊസ് 1:20). പുനരുത്ഥാനം സംഭവിച്ചു കഴിഞ്ഞു എന്നാണ് അവർ പഠിപ്പിച്ചിരുന്നത്.

**യന്നേസും യംബ്രേസും**

*"യന്നേസും യംബ്രേസും മോശെയോടു എതിർത്തു നിന്നതുപോലെ, തന്നേ ഇവരും സത്യത്തോടു മറുത്തു നില്ക്കുന്നു, ദുർബ്ബുദ്ധികളും, വിശ്വാസം സംബന്ധിച്ചു കൊള്ളരുതാത്തവരുമത്രേ. അവർ അധികം മുഴുക്കയില്ല; മേല്പറഞ്ഞവരുടെ ബുദ്ധികേടു എല്ലാവർക്കും വെളിപ്പെട്ടതുപോലെ, ഇവരുടെ ബുദ്ധികേടും വെളിപ്പെടും" (3:8, 9).*

ഫറവോന്റെ പ്രാകാരത്തിലെ മന്ത്രവാദികളായിരുന്ന ഇവർ മോശെയോടു എതിർത്തു നിന്നിരുന്നു (പുറപ്പാട് 7:11). ഈ രീതിയിൽ തെറ്റായി എതിർക്കുന്നവരെ ഭാവിയിൽ കർശനമായി നേരിടേണ്ടതുണ്ടെന്നു പൗലൊസ് തിമൊഥെയൊസിനോടു പറഞ്ഞു.

**ലോവീസ്**

*"ആ വിശ്വാസം ആദ്യം നിന്റെ വലിയമ്മ ലോവീസിലും, അമ്മ യുനീക്കയിലും ഉണ്ടായിരുന്നു, നിന്നിലും ഉണ്ടെന്നു ഞാൻ ഉറച്ചിരിക്കുന്നു, ..." (1:5).*

ഒരു യെഹൂദ വിശ്വാസിയായ ലോവിസ്, തിമൊഥെയൊസിന്റെ വലിയമ്മയായിരുന്നു. വിശ്വാസത്തിന്റെ മാതൃകയായി അവളെയാണ് തിമൊഥെയൊസിനു ഏല്പിച്ചു കൊടുക്കുന്നത്.

**ലൂക്കൊസ്**

*“ലൂക്കൊസ് മാത്രമേ എന്നോടുകൂടെ ഉള്ളു ...” (4:11).*

ആ പ്രിയ വൈദ്യനാണ് (കൊലൊസ്യർ 4:14) പ്രവൃത്തികളുടെ പുസ്തകവും സുവിശേഷത്തിന്റെ സംക്ഷിപ്ത വിവരണങ്ങളും എഴുതിയത്. ലൂക്കൊസ് പൗലൊസിനോടുകൂടെ യാത്ര ചെയ്തിരുന്നു (ഫിലേമോൻ 24) കൂടാതെ തന്റെ മരണശിക്ഷ നടപ്പാക്കുവാൻ കാത്തിരുന്നപ്പോൾ റോമിൽ അവനോടുകൂടെ ഉണ്ടായിരുന്നത് ലൂക്കൊസ് മാത്രമാണ് അതുകൊണ്ടാണ് തിമൊഥെയൊസിനെ വേഗം വരുവാൻ അവൻ പറഞ്ഞതു.

**മർക്കൊസ്**

*“... മർക്കൊസ് എനിക്കു ശുശ്രൂഷക്കായി ഉപയോഗമുള്ളവൻ ആകയാൽ, അവനെ കൂട്ടിക്കൊണ്ടു വരിക” (4:11).*

ബർന്നബാസിന്റെ മച്ചുനനും സുവിശേഷത്തിന്റെ സംക്ഷിപ്ത വിവരണം എഴുതിയവനുമായ മർക്കൊസ്, അവന്റെ അങ്കിളോടും പൗലൊസോടും കൂടെ ഒന്നാമത്തെ മിഷ്ണറി യാത്രയിൽ പോയിരുന്നു. സുവിശേഷ സംഘം ഗലാത്യയിൽ അവരുടെ പ്രവർത്തി ആരംഭിക്കുവാൻ തയ്യാറെടുക്കുമ്പോൾ അവൻ ഒന്നാമത്തെ യാത്ര നിരസിച്ചതുകൊണ്ട് അവനെ രണ്ടാമത്തെ മിഷ്ണറി യാത്രയിൽ കൊണ്ടുപോകുവാൻ പൗലൊസ് തയ്യാറായില്ല. എങ്ങനെയായാലും, പൗലൊസ് മരണശിക്ഷക്കു കാത്തുകിടന്നപ്പോൾ, മർക്കൊസ് പൗലൊസിന്റെ ശുശ്രൂഷക്കു ഉപയോഗം ഉള്ളവനാക കൊണ്ടു അവനെ കൂട്ടിക്കൊണ്ടു വരുവാൻ തിമൊഥെയൊസിനോടു പറയുന്നു.

**മോശെ**

*“യന്നേസും യംബ്രേസും മോശെയോടു എതിർത്തു നിന്നതുപോലെ തന്നേ, ഇവരും സത്യത്തോടു എതിർത്തു നില്ക്കുന്നു, ദുർബ്ബുദ്ധികളും, വിശ്വാസം സംബന്ധിച്ചു കൊള്ളരുതാത്തവരുമത്രേ” (3:8).*

ഫറവോന്റെ പ്രാകാരത്തിലെ മന്ത്രവാദികളായിരുന്ന യന്നേസും യബ്രേസും ഉപായത്താൽ, ദൈവജനത്തെ നയിച്ചുകൊണ്ടിരുന്ന ദൈവദാസനായിരുന്ന മോശെയോടു എതിർത്തുനിന്നിരുന്നതായി പറയുന്നു. കർത്താവിന്റെ വേലയിലായിരിക്കുന്ന തിമൊഥെയൊസും അത്തരം ദുഷ്ടമനുഷ്യരെ അഭിമുഖീകരിക്കേണ്ടിയിരുന്നു.

**ഒനേസിഫൊരൊസ്**

*“പലപ്പോഴും എന്നെ തണുപ്പിച്ചവനായ ഒനേസിഫൊരൊസിന്റെ കുടുംബത്തിനു, കർത്താവു കരുണ നല്കുമാറാകട്ടെ” (1:16).*

*“പ്രിസ്ക്കെക്കും അക്വിലാവിനും, ഒനേസിഫൊരൊസിന്റെ കുടുംബത്തിനും വന്ദനം ചൊല്ലുക” (4:19).*

എഫെസൊസിൽ നിന്നുള്ള ഈ ക്രിസ്ത്യാനി അന്വേഷിച്ചു, പൗലൊസിനെ റോമിൽ കണ്ടെത്തി, സ്നേഹിതനായി തീർന്നു. പൗലൊസുമായുള്ള സൗഹൃദം ഒരുപക്ഷെ ഒനേസിഫൊരൊസിന്റെ ജീവൻ നഷ്ടപ്പെ

ടുത്തിയേക്കാം, അതുകൊണ്ടാകാം പൗലൊസ് വന്ദനം ചൊല്ലുമ്പോൾ "ഒരേസിഫൊസിനും കുടുംബത്തിനും" എന്നു പറയാതെ "ഒരേസിഫൊസിന്റെ കുടുംബത്തിനു," എന്നു പറയുവാൻ കാരണം.

**ഫുഗലൊസും ഹെർമ്മൊഗനെസും**

*"ആസ്യക്കാർ എല്ലാവരും എന്നെ വിട്ടുപൊയ്ക്കളഞ്ഞു എന്നു നീ അറിയുന്നുവല്ലൊ, ഫുഗലൊസും ഹെർമ്മൊഗനെസും ആ കൂട്ടത്തിൽ ഉള്ളവർ ആകുന്നു" (1:15).*

അപ്പൊസ്തലന്മാരുടെ ഉപദേശത്തിൽ നിന്നു മറി കടന്നുപോയ ആസ്യയിലുള്ളവരിൽ പെട്ടവരായിരുന്നു ഈ രണ്ടുപേരും എന്നു പൗലൊസ് സൂചിപ്പിക്കുന്നു.

**തിത്തൊസ്**

*"... ക്രേസ്തേസ് ഗലാത്യക്കും, തീത്തൊസ് ദൽമാന്യെക്കും പോയി" (4:10).*

പൗലൊസിന്റെ സഹശുശ്രൂഷകനായിരുന്നു തിത്തൊസ്. തന്റെ മരണശിക്ഷക്കു കാത്തിരുന്ന പൗലൊസ്, തിമൊഥെയൊസിനോടു, ദൽമാത്യെക്കു തിത്തൊസിനെ താൻ അയച്ച വിവരം പറഞ്ഞു (ഇല്ലൂര്യയിലെ ഒരു പ്രദേശം, അത് ഇന്നത്തെ അൽബാനിയ).

**ത്രൊഫിമൊസ്**

*"... ത്രൊഫിമൊസിനെ ഞാൻ മിലേത്തിൽ രോഗിയായി വിട്ടേച്ചു പോന്നു" (4:20).*

പൗലൊസിന്റെ ഈ സഹശുശ്രൂഷക്കാരൻ രോഗം വന്നപ്പോൾ അവനെ മിലേത്തിൽ വിട്ടിട്ടാണ് പൗലൊസ് പോയത്. പൗലൊസിനു രോഗസൗഖ്യം നല്കുവാനുള്ള വരം ഉണ്ടായിരുന്നിട്ടും അയാളെ അപ്പോൾ സൗഖ്യമാക്കാതിരുന്നതു തെളിയിക്കുന്നതു രോഗസൗഖ്യം അഥവാ അത്ഭുതങ്ങൾ വചനം ഉറപ്പിക്കുന്നതിനു വേണ്ടിയായിരുന്നു എന്നാണ്. ഒരിക്കൽ ഉറപ്പിച്ച വചനത്തിനു, പിന്നെ ഉറപ്പിക്കൽ ആവശ്യമില്ല. (നോക്കുക യോഹന്നാൻ 20:30, 31.)

**തിഹിക്കൊസ്**

*"തിഹിക്കൊസിനെ ഞാൻ എഫെസൊസിലേക്കു അയച്ചിരിക്കുന്നു" (4:12).*

ആസ്യയിൽ നിന്നുള്ള ഈ ക്രിസ്ത്യാനി ഗ്രീസിൽ നിന്നു പൗലൊസിനോടുകൂടെ യെരുശലേമിലേക്കു പോകയും പൗലൊസ് അവനെ എഫെസ്യ, കൊലൊസ്യ, ഫിലേമോൻ എന്നിവിടങ്ങളിലേക്ക് ലേഖനങ്ങൾ കൊടുത്ത് അയക്കുകയും ചെയ്യുന്നുണ്ട്. സ്പഷ്ടമായും, അവനായിരുന്നു കൊലൊസ്യരെ പഠിപ്പിച്ചതും പിന്നീടു കൊലൊസ്യയിൽ ഭിന്നിപ്പുണ്ടായപ്പോൾ അതു കൈകാര്യം ചെയ്യുവാൻ പൗലൊസിന്റെ സഹായം തേടുകയും ചെയ്തിരുന്നത്. അവനെ കുറിച്ചു പ്രവൃത്തികൾ 20:4; എഫെസ്യർ 6:21; കൊലൊസ്യർ 4:7; 2 തിമൊഥെയൊസ് 4:12; തിത്തൊസ് 3:12

ലും പറയുന്നുണ്ട്.

## 2 തിമൊഥെയൊസിലെ സ്ഥലങ്ങൾ

**അന്ത്യോക്യ, ഇക്കൊന്യാ, ലുസ്ത്ര**

*"അന്ത്യോക്ക്യയിലും, ഇക്കൊന്യയിലും, ലുസ്ത്രയിലും എനിക്കു സംഭവിച്ച ഉപദ്രവവും, കഷ്ടാനുഭവവും കണ്ടറിഞ്ഞിരിക്കുന്നു; ഞാൻ എന്തെല്ലാം ഉപദ്രവം സഹിച്ചു, അതിലെല്ലാറ്റിൽ നിന്നും കർത്താവു എന്നെ വിടുവിച്ചു" (3:11).*

ഒന്നാമത്തെ മിഷ്ണറി യാത്രയിൽ ഈ പട്ടണങ്ങളിൽ, പൗലൊസും ബർന്നബാസും പ്രസംഗിച്ചിരുന്നു. പിസിദ്യയിലെ അന്ത്യോക്ക്യ ലുസ്ത്രയിൽ നിന്നും ഇക്കൊന്യയിൽ നിന്നും അധികം ദൂരെ ആയിരുന്നില്ല, അതു ലുക്കവൊന്യയിൽ സ്ഥിതി ചെയ്തിരുന്നു (ആ പ്രദേശം ഇ-ന്നത്തെ തുർക്കിയാണ്).

**ആസ്യ**

*"ആസ്യക്കാർ എല്ലാവരും എന്നെ വിട്ടു പൊയ്ക്കളഞ്ഞു എന്നു നീ അറിയുന്നുവല്ലൊ, ഫുഗലൊസും ഹെർമ്മൊഗനൊസും ആ കൂട്ടത്തിൽ പെട്ടവർ ആകുന്നു" (1:15).*

ഈ റോമൻ പ്രവിശ്യയിൽ പെട്ടതായിരുന്നു എഫെസൊസ്. ആസ്യയിലെ എല്ലാവരും അവനെ വിട്ടു പോയി എന്നാണ് പൗലൊസ് പറഞ്ഞത്.

**കൊരിന്ത്**

*"എരസ്തൊസ് കൊരിന്തിൽ താമസിച്ചു, ..." (4:20).*

അഖായയിലെ ഒരു പട്ടണം ആയിരുന്നു കൊരിന്ത്. പൗലൊസ് എരസ്തൊസിനെ കൊരിന്തിലേക്ക് അയച്ചു തന്റെ മരണശിക്ഷക്കായി കാത്തിരുന്നു.

**ദൽമാത്യെ**

*"... ക്രേസ്തേസ് ഗലാത്യക്കും, തിത്തൊസ് ദൽമാത്യെക്കും പോയി" (4:10).*

ഇല്ലൂര്യദേശത്തുള്ള ദൽമത്യെക്കാണ്, പൗലൊസ് തിത്തൊസിനെ അയച്ചത്, റോമാ ഗവൺമെന്റിന്റെ മരണ ശിക്ഷക്കായി കാത്തിരിക്കുമ്പോഴാണ് പ്രവർത്തനം തുടരേണ്ടതിനു അവനെ അവിടേക്ക് വിട്ടത്.

**ഗലാത്യ**

*"... ക്രേസ്തേസ് ഗലാത്യക്കു പോയി, ..." (4:10).*

ഗലാത്യയിലെ സഭകളിൽ പ്രവർത്തിക്കേണ്ടതിനാണ്, പൗലൊസ് ക്രേസ്തേസിനെ ആസ്യയിലേക്ക് അയച്ചത്. പൗലൊസ് തന്റെ മരണശിക്ഷക്കായി കാത്തിരുന്നപ്പോഴാണ് ആ പ്രവർത്തനങ്ങൾ തുടരേണ്ടതിനു അവനെ അയച്ചത്.

**മിലേത്തോസ്**

*"... ത്രൊഫിമൊസിനെ ഞാൻ മിലേത്തിൽ രോഗിയായി വിട്ടേച്ചു പോന്നു" (4:20).*

പൗലൊസ് റോമിലേക്കുള്ള തന്റെ അവസാന യാത്രയിൽ, തന്റെ സഹപ്രവർത്തകനായ ത്രൊഫിമൊസിനെ രോഗിയായപ്പോൾ ആസ്യയിലെ ആ പട്ടണത്തിൽ വിട്ടേച്ചുപോയി.

**തെസലൊനിക്യ**

*"ദേമാസ്, ഈ ലോകത്തെ സ്നേഹിച്ചിട്ടു, എന്നെ വിട്ടു തെസലൊനിക്യയിലേക്കു പോയി; ..." (4:10).*

ദേമാസ് പൗലൊസിനെ വിട്ടു മക്കെദൊന്യ പട്ടണത്തിലേക്കാണ് പോയത്.

**ത്രോവാസ്**

*"ഞാൻ ത്രോവാസിൽ കർപ്പൊസിന്റെ പക്കൽ വെച്ചേച്ചു പോന്ന പുതപ്പും പുസ്തകങ്ങളും, വിശേഷാൽ ചർമ്മലിഖിതങ്ങളും, നീ വരുമ്പോൾ കൊണ്ടുവരിക" (4:13).*

ആസ്യയിലെ തുറമുഖ പട്ടണമായ ത്രോവാസിൽ തന്റെ പുതപ്പും പുസ്തകങ്ങളും, ചർമ്മലിഖിതങ്ങളും, വെച്ചതുകൊണ്ടുവരുവാൻ പൗലൊസ് തിമൊഥെയൊസിനോടു ആവശ്യപ്പെട്ടു. തിമൊഥെയൊസ് റോമിലേക്കു വേഗം വരുവാനും അവ കൊണ്ടു വരുവാനും മർക്കൊസിനെ കൊണ്ടുവരുമ്പോൾ ആവശ്യപ്പെടുകയുണ്ടായി (4:11-13).

---

**എപ്പോഴാണ് അത് എഴുതപ്പെട്ടത്?**

എഴുതിയ തീയതി നിശ്ചയമില്ല,[2] എന്നാൽ "ആയിരിക്കുവാനുള്ള സാധ്യതകൾ" റൊണാൾഡ് വാർഡ് നന്നായി വിവരിക്കുന്നു:

> ... തന്റെ മരണത്തിനു ഏതാനും ആഴ്ച്ചകൾക്കോ മാസങ്ങൾക്കോ മുൻപു (4:6), പൗലൊസ് 2 തിമൊഥെയൊസ് റോമിൽ നിന്നും എഴുതിയിരിക്കാം (1:17; 4:20-21). അതു ഒരുപക്ഷെ വേനൽക്കാലത്തിന്റെ അവസാന നാളുകളിലോ അല്ലെങ്കിൽ ശീതകാലത്തിന്റെ ആരംഭത്തിലോ ആകാം, എന്നാൽ വാസ്തവത്തിലുള്ള വർഷം പൗലൊസിന്റെ കാലനിർണ്ണയത്തെ ആസ്പദമാക്കിയിരിക്കും, പ്രത്യേകിച്ചു അവന്റെ അവസാനത്തെ ചില വർഷങ്ങൾ. ലേഖനം എഴുതപ്പെടുവാനുള്ള സാധ്യത ഏ.ഡി. 64-നും ഏ.ഡി. 68-നും ഇടയ്ക്കായിരിക്കും. നീറോയുടെ അവസാന വാഴ്ച്ചക്കാലത്തു ക്രിസ്ത്യാനികളെ "മെനഞ്ഞു" ബലിയാടുകളാക്കി കൊണ്ടിരുന്ന ഭീകര വാഴ്ച്ചയിൽ, പൗലൊസിനെ തൂക്കിക്കൊല്ലുകയുണ്ടായി എന്നു പറയപ്പെടുന്നുണ്ട്: വലിയ അഗ്നി പൊട്ടിപ്പുറപ്പെട്ടതു ഏ.ഡി. 64-ൽ ആണെന്നു, സൂചിപ്പിക്കുന്നു (സിഎഫ്. I ക്ലെമന്റ് 5:7; 6:1), ആ

സമയത്തായിരിക്കും ഈ ലേഖനം സംയോജിപ്പിച്ചത്. മറ്റുള്ളവർ പൗലൊസിന്റെ മരണം നീറോയുടെ വാഴ്ച്ചയുടെ അവസാനം, ഏ.ഡി. 68 ലേക്കു നീട്ടിവെക്കുന്നു. അനിശ്ചിതം ഖേദപൂർവ്വം, നാം സ്വീകരിക്കണം. അതു ലേഖനത്തിന്റെ മൂല്യത്തിൽ നിന്നും നമ്മെ മാറ്റി നിർത്തുന്നില്ല, അതുപോലെ അപ്പൊസ്തലന്റെ തിമൊഥെയൊസിനോടും – നമ്മോടുമുള്ള അവന്റെ അന്തിമവാക്കുകളും.[3]

---

കുറിപ്പുകൾ

[1]ജെനെറൽ ഡഗ്ളസ് മാക്ക് ആർദർ, "ജെനെറൽ മാക്ക് ആർദഴ്സ് മെസേജ് ടു കോൺഗ്രസ്" (വിചിത, കാൻ.: ഡിഫെൻഡേഴ്സ്, 1951), 6. [2]ഈ പുസ്തകത്തിൽ ആദ്യം വരുന്ന 1 തിമൊഥെയൊസിലെ മുഖവുര കുറിപ്പുകൾ നോക്കുക. [3]റൊണാൾഡ് ഏ. വാർഡ്, *കമെന്ററി ഓൺ 1 ആന്റ് 2 തിമൊഥി & ടൈറ്റസ്* (വാക്കോ, ടെക്സ്.: വേർഡ് ബുക്സ്, 1974), 131.